**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3477** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിവിധ തസ്തികകളിൽ ഭിന്നശേഷി വിഭാഗത്തിൽപെട്ടവരുടെ നിയമനം നടപ്പിലാക്കുന്നതിനായി ബഹു. സുപ്രീം കോടതിയുടെ എസ്.എൽ.പി.സി.(നം)9566/2023 നമ്പർ ഹർജിയിലേയും ബന്ധപ്പെട്ട കേസുകളിലേയും 30/10/2023, 27/01/2025 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം ജില്ലാതലത്തിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. ബഹു. സുപ്രീംകോടതിയുടെ എസ്.എൽ.പി (സി) 9566/2023 നമ്പർ ഹർജിയിലെയും ബന്ധപ്പെട്ട കേസുകളിലെയും 30.10.2023, 27.01.2025 തീയതികളിലെ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തുകൊണ്ട് നിയമനത്തിന് ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനതല, ജില്ലാതല സമിതികൾ രൂപീക രിച്ചുകൊണ്ടും, പ്രസ്തുത സമിതികളുടെ ചുമതലകൾ നിശ്ചയിച്ചുകൊണ്ടും സ.ഉ. (കൈ) നം.45/2025/പൊ.വി.വ. തീയതി 24-03-2025 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി സമിതികളുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് സ.ഉ. (കൈ) നം.123/2025/പൊ.വി.വ. തീയതി 28-06-2025 പ്രകാരവും സർക്കാർ ഉത്തരവായി. ടി സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്. |
| (ബി) | എന്നാൽ പ്രസ്തുത തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികൾ നിലവിൽ ലഭ്യമല്ലാത്ത പക്ഷം, സ്കൂളുകളിൽ ഇപ്പോൾ ഒഴിവുള്ള മറ്റ് തസ്തികകളിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥിര നിയമനം നടത്തുന്നതിനായി ഏതെങ്കിലും വിധത്തിലുള്ള സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ? | (ബി) | ഭിന്നശേഷി നിയമനം നടത്തുന്നതിനായി ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നത് എംപ്ലോയ്മെന്റ് വകുപ്പാണ്. ടി നടപടികൾ ഇപ്പോൾ നടന്നു വരികയാണ്. ആയതിനാൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് ആവശ്യമായ, യോഗ്യരായ ഉദ്യോഗാർത്ഥികൾ നിലവിൽ ലഭ്യമാണോ എന്ന് എംപ്ലോയ്മെന്റ് വകുപ്പ് പ്രസ്തുത ലിസ്റ്റ് സമർപ്പിച്ചതിന് ശേഷം മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ